8

# യേശു ഭൂമിയിലേക്ക് വന്നത് എന്തിന്?

നിങ്ങൾ റോഡിൽക്കൂടെ നടന്നു പോകുമ്പോൾ ഒരു വാർത്താ ലേഖകൻ വന്ന്, "ലോകാരംഭം മുതൽ സംഭവിച്ചതിൽ ഏറ്റവും മഹത്തായ ഒരു സംഭവം നിങ്ങൾ വിശ്വസിക്കുന്നത് എന്ത്?" എന്ന് നിങ്ങളോട് ചോദിച്ചാൽ നിങ്ങൾ എന്ത് പറയും. നിങ്ങൾ അവന് എങ്ങനെ ഉത്തരം നല്കും? മനുഷ്യചരിത്രത്തിൽ മറ്റ് എല്ലാ സംഭവങ്ങളേക്കാളും ഉയർന്നതായിട്ടുള്ളത് എന്താണ്? എന്റെ ഉത്തരം കർത്താവായ യേശുവിന്റെ ലോകത്തിലേക്കുള്ള വരവും നമ്മുടെ രക്ഷിതാവായി തീർന്നതും ആണെന്നതായിരിക്കും.

ദൈവപുത്രനായ, യേശുവിന്റെ - ജഡമായി തീർന്ന, അവതാരം - ജീവിതം എന്നിവ ലോകചരിത്രത്തിൽ കൈയ്യെത്താത്ത ഏറ്റവും വലിയ സംഭവമായിരുന്നു. പൗലോസ് എഴുതി, യേശു ദൈവരൂപത്തിലായിരുന്നു എങ്കിലും, അവൻ ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിച്ചു കൊള്ളാമെന്ന് വിചാരിച്ചില്ല. "അവൻ തന്നെത്താൻ ഒഴിച്ച്, ദാസ - രൂപത്തിൽ," "മനുഷ്യനായി തീർന്നു" (ഫിലിപ്പിയർ 2:7). യോഹന്നാൻ പറഞ്ഞതനുസരിച്ച്, "വചനം ജഡമായി, നമ്മുടെ ഇടയിൽ പാർക്കുകയും പിതാവായ ദൈവത്തിന്റെ തേജസായി അവന്റെ തേജസ്സ് നാം കാണുകയും, കൃപയും സത്യവും നിറഞ്ഞവനായി തീരുകയും ചെയ്തു" (യോഹന്നാൻ 1:14).

*ക്രിസ്തു ദൈവമായിരുന്നതുപോലെ തന്നെ, മനുഷ്യനുമായിരുന്നു* എന്നു നമുക്കു പറയാൻ കഴിയും, *അവൻ ദൈവമായിരുന്നില്ലെങ്കിൽ അതുപോലെ മനുഷ്യനുമായിരുന്നില്ല.* എല്ലാ മനുഷ്യരും ജനിക്കുന്നതുപോലെ തിരിച്ചറിയത്തക്ക രീതിയിൽ ആയിരുന്നു യേശു പൂർണ്ണമായും ജനിച്ചത് (ലൂക്കോസ് 2:6), മറ്റു മനുഷ്യർ വളർന്നതുപോലെ അവനും വളർന്നു (ലൂക്കോസ് 2:40), എല്ലാ

മനുഷ്യരും അവകാശമാക്കിയ കഷ്ടതകൾക്ക് അവനും ഇരയായി (എബ്രായർ 5:8, 9), രോഗം, നാശവും മരണവും ബാധിക്കണെമെന്ന് - ഒരു മാനുഷിക ശരീരം മരത്തിൽ കൊല്ലത്തക്കതായി തീർന്നു. (ഫിലിപ്പിയർ 2:8, 9). അവൻ ശരിക്കും ഒരു മനുഷ്യനായിരുന്നു, അങ്ങനെതന്നെ, ദൈവപുത്രനുമായിരുന്നു; എങ്കിലും, അവൻ മുഴുവനായും ദൈവമായിരുന്നു, അങ്ങനെ ദൈവപുത്രനുമായിരുന്നു (എബ്രായർ 2:14, 17, 18). ഒരു വ്യക്തിയിൽ തന്നെ ദൈവവും മനുഷ്യനും അവനിൽ യോജിച്ചിരുന്നു. തന്റെ ദൈവികത്വം ത്യജിക്കാതെ തന്നെ അവൻ മനുഷ്യനായി തീർന്നു; അവൻ നമ്മെപ്പോലെ ആയിട്ടുപോലും അവൻ ദൈവമായിരുന്നു.

യേശുക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള വരവ് ഗൗരവമായ ചോദ്യങ്ങളുയർത്തി. അവൻ വന്ന രീതിയിൽ യേശു എന്തിനാണ് ഭൂമിയിൽ വന്നത്? അവൻ മനുഷ്യവർഗ്ഗത്തിൽ പ്രവേശിക്കുവാനും ഉള്ള കാരണം എന്തായിരുന്നു. നമ്മെപ്പോലെ ജീവിക്കുവാനും ക്രൂശിന്മേൽ മരിക്കുവാനും കാരണമെന്തായിരുന്നു. ദൈവപുത്രനായിരുന്നവൻ താഴ്ന്ന് ഭൂമിയിൽ മുഴുവനായും മനുഷ്യനായി തീർന്നത് എന്തിന്? ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരം ഒറ്റ വാചകത്തിൽ ചുരുക്കാം: "*അവന്റെ സഭ എന്നു വിളിക്കുന്ന ഒരു കൂട്ടം ജനത്തെ - അവന്റെ ശുശ്രൂഷയാലും, മരണത്താലും, ഉയിർത്തെഴുന്നേല്പിനാലും വിളിക്കുവാൻ - അവൻ വന്നു*" (മർക്കൊസ് 10:45; ലൂക്കൊസ് 19:10).

മറ്റൊരു വാക്കിൽ, അവന്റെ ഭൗമിക സന്ദർശനതലം ആയിരുന്നു സഭ. യേശു പുസ്തകം എഴുതിയില്ല, കോളേജ് കണ്ടിട്ടില്ല, ഒരു കുടുംബം സ്ഥാപിച്ചുമില്ല. അവന്റെ ഭൗമിക ദൗത്യം പുറപ്പെടുവിച്ച ഏക യാഥാർത്ഥ്യം സഭയായിരുന്നു. "എന്റെ സഭ" (മത്തായി 16:18) എന്ന് വിളിച്ച തന്റെ ആത്മീയശരീരം പണിയുമെന്ന് മാത്രമാണ് യേശു പറഞ്ഞത്. തന്റെ ഭൗമിക ശുശ്രൂഷാവേളയിൽ യേശു ഇട്ടതായ ഏക അടിസ്ഥാനം സഭയ്ക്കുള്ളതായിരുന്നു. അതുകൊണ്ട് ക്രിസ്തുവിന്റെ ഭൗമിക ആവിർഭാവത്തിൽ *ഏക സൃഷ്ടിത്വം* സഭയാണെന്ന് പറയാം.

## സുവിശേഷങ്ങളാൽ ഉറപ്പിച്ചു

ഈ സത്യം സുവിശേഷ വിവരണങ്ങളാൽ ശക്തമായി ഉറപ്പിച്ചു. ഓരോ സുവിശേഷവും സ്വർഗ്ഗീയരാജ്യമാകുന്ന സഭയിലേക്ക് വിരൽ ചൂണ്ടുന്നു. അത് തന്റെ മരണത്തിന്റേയും, ഉയിർപ്പിന്റേയും

ശേഷം പെന്തെകൊസ്തു നാളിൽ സ്ഥാപിക്കുമെന്ന് പറഞ്ഞു.

സുവിശേഷങ്ങളിലെ ക്രിസ്തുവിന്റെ ജീവിതം പഠിക്കുന്ന ഒരാൾ അവന്റെ ശുശ്രൂഷയിലെ മൂന്ന് സംഭവങ്ങളെ കണ്ടുമുട്ടാനിടയുണ്ട്: (1) അവൻ നേടുവാനായെടുത്ത ദൗത്യം, (2) കൂടുതലായി അവന്റെ പ്രവൃത്തി ഒരുക്കുവാനുള്ള വക, (3) അവന്റെ പ്രവൃത്തി തുടരേണ്ടതിനുള്ള വഴി.

*ആദ്യം, അവന്റെ വ്യക്തിപരമായ ശുശ്രൂഷാ സമയത്ത് ലോക സുവിശേഷീകരണത്തിന് പ്രവൃത്തിച്ചതായി സൂചനയില്ല.* അവൻ തന്നെ അപ്പൊസ്തലന്മാരെ തിരഞ്ഞെടുത്തശേഷം, അവരുടെ ഉപദേശത്തിൽനിന്ന് ലോകമെങ്ങുമുള്ള പ്രത്യേക ദൗത്യത്തിന് ആജ്ഞ കൊടത്തില്ല, അവരുടെ ആവേശം ശാന്തമാക്കിക്കൊണ്ട് അവൻ പറഞ്ഞു, "ജാതികളുടെ അടുക്കൽ പോകാതെയും, ശമര്യരുടെ പട്ടണത്തിൽ കടക്കാതെയും; യിസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കൽ തന്നെ ചെല്ലുവിൻ" (മത്തായി 10:5, 6). അവന്റെ ശുശ്രൂഷാ സമയത്ത് തന്നെ പാലസ്തീനിൽ തന്നെ ഒതുക്കി നിർത്തിയത് നമ്മെ വിസ്മയിപ്പിക്കുന്നു. അവൻ ഒരിക്കലും റോമാലോകത്തിലെ പുറത്തുള്ള രാജ്യങ്ങളിൽ പോയില്ല. ലോകത്തിന്റെ ഒരു ചെറിയ സ്ഥലത്ത് അവന്റെ പ്രസംഗവും ഉപദേശവും നടത്തുക എന്നതായിരുന്നു അവന്റെ ദൗത്യം. തന്റെ വ്യക്തിപരമായ ശുശ്രൂഷാസമയത്ത് ലോകസുവിശേഷീകരണം നടത്തുവാൻ അവൻ ആഗ്രഹിച്ചിരുന്നു എങ്കിൽ, അവന്റെ പ്രവൃത്തി തികച്ചും മറ്റൊരു രീതിയിൽ, വ്യത്യസ്തമായി വളരെ വിസ്തൃതമായ - പദ്ധതികളോടും - രീതികളോടും കൂടെ ആകുമായിരുന്നു.

*രണ്ടാമത്, സുവിശേഷങ്ങൾ സൂചിപ്പിക്കുന്നത് യേശുവിന്റെ ജീവിതം, പ്രവൃത്തികൾ, മരണം വരുവാനുള്ളതിനുവേണ്ടിയുള്ള ഒരുക്കമായിരുന്നു.* യേശു പ്രസംഗിച്ചു, "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" (മത്തായി 4:17). അവൻ തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചു, "നിന്റെ സ്വർഗ്ഗരാജ്യം വരേണമേ" (മത്തായി 6:10). തന്റെ അത്ഭുതങ്ങളിലും, പ്രവൃത്തികളിലും ആകൃഷ്ടരായ ജനങ്ങൾ അവനെ ഭൗമിക[2] രാജാവാക്കുവാൻ ശ്രമിച്ചതിനെ യേശു ശ്രദ്ധയോടെ തടുത്തു. തന്റെ കാര്യപരിപാടിയെ മാറ്റുവാൻ അവൻ ജനക്കൂട്ടത്തെ അനുവദിച്ചില്ല. അവൻ ഒരു അത്ഭുതം ചെയ്തപ്പോൾ, അതിന്റെ ഗുണഭോക്താവിനോട് ചിലപ്പോൾ "ആരോടും പറയരുത്" എന്ന് അവശ്യപ്പെടുകയുമുണ്ടായി (മത്തായി 8:4).[1] അവൻ പന്ത്രണ്ട് അപ്പൊസ്തല

ന്മാരെ തിരഞ്ഞെടുത്ത് വ്യക്തിപരമായി പരിശീലിപ്പിച്ചു, എന്നാൽ താൻ പോയശേഷം അവർ ചെയ്യേണ്ടതായ പ്രവൃത്തിക്കുവേണ്ടി അവൻ അവരെ പരിശീലിപ്പിച്ചു (യോഹന്നാൻ 14:19).

*മൂന്നാമത്, യേശുവിന്റെ ദൗത്യം പൂർത്തിയാകാത്തതിനെ സംബന്ധിച്ചുള്ള ഒരു ചിത്രം സുവിശേഷങ്ങൾ നൽകുന്നു.* പിതാവ് എന്തിനുവേണ്ടി അയച്ചുവോ അതാണ് യേശു ചെയ്തത്; എന്നാൽ അവന്റെ ഈ ഭൂമിയിലെ ജീവിതാവസാനം, തന്റെ ആരോഹണ ശേഷം ലഭിക്കേണ്ട വെളിപ്പാടുകളും മറ്റു സംഭവങ്ങളും പ്രതീക്ഷിക്കുവാൻ അവൻ അവരെ ഒരുക്കി. യേശു അപ്പൊസ്തലന്മാരോട് പറഞ്ഞു, "എങ്കിലും പിതാവ് എന്റെ നാമത്തിൽ, അയപ്പാനുള്ള പരിശുദ്ധാത്മാവു, എന്ന കാര്യസ്ഥൻ, നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും, ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും" (യോഹന്നാൻ 14:26). അവൻ അവരോട് പറഞ്ഞു, "പക്ഷേ അവൻ സത്യത്തിന്റെ ആത്മാവ്, വരുമ്പോഴോ, അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും; അവൻ സ്വയമായി സംസാരിക്കാതെ, താൻ കേൾക്കുന്നതു, സംസാരിക്കയും; വരുവാനുള്ളതു നിങ്ങൾക്കു അറിയിച്ചു തരികയും ചെയ്യും'' (യോഹന്നാൻ 16:13). അവന്റെ ഉയിർത്തെഴുന്നേല്പിന് ശേഷം സ്വർഗ്ഗാരോഹണത്തിന് മുൻപ്, യേശു അപ്പൊസ്തലന്മാരോട് ഉയരത്തിൽ നിന്ന് ശക്തി ലഭിക്കുവോളം യെരുശലേമിൽ തന്നെ കാത്തിരിപ്പാൻ കല്പിച്ചു. ശക്തി ലഭിച്ചതിനുശേഷം, അവർ മാനസാന്തരവും പാപമോചനവും, യെരുശലേമിൽ തുടങ്ങി. സകലജാതികളോടും പ്രസംഗിക്കേണ്ടതായിരുന്നു (ലൂക്കൊസ് 24:46-49).

കർത്താവിന്റെ ശുശ്രൂഷയിലെ ഈ സ്വഭാവങ്ങൾ അവന്റെ മരണത്തിനുമുൻപും പിൻപും ഉണ്ടായിരുന്നത്, തന്റെ രാജ്യമാകുന്ന സഭ പണിയുവാൻ അത്യാവശ്യ ഘടകങ്ങളായിരുന്നു. മത്തായി 16:18-ൽ തന്റെ ഭൗമികമായ പ്രവൃത്തികൾ ഏറ്റെടുക്കുവാൻ ശിഷ്യന്മാരോട് പറഞ്ഞു. "നീ പത്രോസ് ആകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല; എന്നു ഞാൻ നിന്നോടു പറയുന്നു." *അങ്ങനെ യേശു സുവിശേഷം പ്രസംഗിക്കാൻ അല്ല വന്നത്; പിന്നെയോ പ്രസംഗിപ്പാൻ ഒരു സുവിശേഷം ഉണ്ടാകേണ്ടതിനാണ് വന്നത്.*

പ്രസിദ്ധനായിരുന്ന ശില്പി ഗഡ്സൺ ബോർലങ്ങ്, സൗത്ത് ഡക്കോട്ടയിലെ മൂണ്ട് റഷ്മോർ മാർബിളിൽ കൊത്തുപണിചെ

യ്തു, അവൻ അബ്രഹാം ലിങ്കന്റെ തലയും തലസ്ഥാനമായ വാഷിങ്ങ്ടൺ ഡി.സിയിൽ കൊത്തിയുണ്ടാക്കി. തന്റെ സ്റ്റുഡിയോയിൽ ഒരു മാർബിൾ കട്ട കൊത്തിയാണ് അവൻ അത് ചെയ്തത്. ഓരോ ദിവസവും മുറി വൃത്തിയാക്കുവാൻ വരുന്ന സ്ത്രീ ആദ്യമായി ആ ശിൽപം കണ്ടപ്പോൾ, ഒരു നിമിഷം അവൾ അത്ഭുതാവഹമായി ചോദിച്ചു, "ലിങ്കണെ ഒരു കൽക്കഷണത്തിൽ പൂട്ടിയിട്ടിരിക്കുന്നതു അയാൾ എങ്ങനെ അറിഞ്ഞു? അവളുടെ ചോദ്യത്തിനുത്തരം മറ്റുള്ളവർക്കു കാണാൻ കഴിയാത്തതു ബോർഗ്ളത്തിനു കാണാൻ കഴിഞ്ഞു. അയാൾക്കു ഒരു കലാകാരന്റെ കണ്ണുണ്ടായിരുന്നു, ഒരു ശിൽപിയുടെ അവബോധം ഉണ്ടായിരുന്നു. തന്റെ കരവിരുത് പ്രയോഗിക്കുന്നതിനു മുമ്പ് ആ മുഖം കല്ലിനുള്ളിൽ അവൻ കണ്ടു.

സുവിശേഷങ്ങളുടെ സഹായത്താൽ, തന്റെ ഭൗമികശുശ്രൂഷയിൽ യേശു എന്തു കണ്ടിരുന്നുവോ അതു നമുക്കു കാണാൻ കഴിയും. വരുവാനിരുന്ന രാജ്യത്തിനു വേണ്ടിയുള്ള ഒരുക്കമായിരുന്നു അവന്റെ ശുശ്രൂഷാ ദർശനം. അവൻ അതിനെക്കുറിച്ചു പ്രസംഗിച്ചു, അതിനുവേണ്ടി ഒരുങ്ങുകയും, തന്റെ രക്തം കൊടുത്തു അതു സമ്പാദിക്കയും ചെയ്തു.

## പ്രവൃത്തികളാൽ ഉറപ്പിച്ചു

യേശുവിന്റെ ശുശ്രൂഷ, മരണം, ഉയർത്തെഴുന്നേൽപ്പ് എന്നിവ സഭയാകുന്ന രാജ്യം പണിതു കൊണ്ടു വരുന്നത് പുതിയ നിയമ പുസ്തകമായ പ്രവൃത്തികൾ ഉറപ്പിക്കുകയാണ് സുവിശേഷങ്ങൾ ആ സത്യം തുറന്ന മനസോടെ പറയുകയും പ്രവൃത്തികളുടെ പുസ്തകം ആ അറിയിപ്പിനെ - നിറം കൊടുത്തു ചിത്രീകരിച്ച് ഉറപ്പിക്കയാണ്.

യേശു സ്വർഗ്ഗാരോഹണം ചെയ്തു പത്തുദിവസങ്ങൾക്കു ശേഷം അപ്പൊസ്തലന്മാരിൽ പരിശുദ്ധാത്മാവിനെ അത്ഭുതകരമായി നൽകി (പ്രവൃത്തികൾ 2:1-4); യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്ന സുവിശേഷം ആദ്യമായി പ്രസംഗിച്ചു; ആളുകളോടു വിശ്വാസത്താലും, മാനസാന്തരത്താലും, പാപമോചനത്തിനായുള്ള സ്നാനത്താലും പ്രതികരിക്കുവാൻ ആവശ്യപ്പെട്ടു (പ്രവൃത്തികൾ 2:38; ലൂക്കൊസ് 24:46, 47); ആ പ്രസംഗത്തിലെ ക്ഷണം സ്വീകരിച്ച മൂവായിരം പേർ വചനം കേട്ടു സ്നാനമേറ്റു (പ്രവൃത്തികൾ 2:41) അതുകൊണ്ട്, പകലിനു രാവ് വഴി മാറുന്നതുപോലെ യേശുവിന്റെ ശുശ്രൂ

ഷക്കു ശേഷം, കർത്താവിന്റെ സഭ ആരംഭിച്ചു.

പ്രവൃത്തികളുടെ പുസ്തകത്തിലെ ശേഷിച്ച സംഭവങ്ങൾ വിശുദ്ധസ്നേഹത്തിന്റെ ജ്വാല, യെരുശലേമിൽ നിന്നു സഭയുടെ ചലനമാണ്, യെഹൂദ്യാ, ശമര്യ പിന്നെ റോമാ സാമ്രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലേക്കു വ്യാപിക്കുന്നു. എപ്പോഴെല്ലാം പ്രവൃത്തികളുടെ പുസ്തകത്തിൽ മിഷൻ യാത്ര നടന്നിട്ടുണ്ടോ, അപ്പോഴെല്ലാം ലോകത്തിൽ പുതിയ സ്ഥലങ്ങളിൽ സഭ ആരംഭിക്കുന്ന മാർഗ്ഗമായി അതു ഉയർന്നിട്ടുണ്ടു. പൗലൊസിന്റെ മൂന്നു മിഷനറിയാത്രകളിൽ യെരുശലേം മുതൽ ഇല്ലുര്യവരെ സഭകൾ ആരംഭിച്ചിട്ടുണ്ട് (റോമർ 15:19). ക്രിസ്തുവിന്റെ ഭൗമിക ആവിർഭാവത്തിന്റെ ഫലമായിരുന്നു സഭ എന്ന കാഴ്ച്ചപ്പാട് കൂടാതെ ആർക്കും പ്രവൃത്തികളുടെ പുസ്തകം വായിക്കാൻ സാദ്ധ്യമല്ല.

ഒരു ഉപദേഷ്ടാവ് ഒരിക്കൽ പറഞ്ഞു, "ലോകത്തെ സുവിശേഷീകരിക്കുവാൻ യേശുക്രിസ്തു സ്വീകരിച്ച രീതി നാമും എടുക്കണം. നമുക്കു ചുറ്റും ഉള്ള പന്ത്രണ്ടു പേരെ തിരഞ്ഞെടുത്തു ഭാവിപ്രവർത്തനങ്ങൾക്ക് അയക്കാം. താൻ ലോകത്തെ എങ്ങനെ സുവിശേഷീകരിച്ചു എന്ന് ഉപയോഗിച്ച രീതി നമുക്കു കാണിച്ചു തന്നിട്ടുണ്ട്. വ്യക്തമായി, യേശു ചെയ്തതിൽ എല്ലാം തികവുണ്ടായിരുന്നു. എങ്ങനെയായാലും, അവന്റെ ശുശ്രൂഷ ശരിക്കും പഠിച്ചാൽ, തന്റെ ശുശ്രൂഷാ സമയത്തു അവന്റെ ദൗത്യം ലോക സുവിശേഷീകരണം ആയിരുന്നില്ല. അതു സഭക്കു അടിസ്ഥാനമിടുകയായിരുന്നു. ലോകസുവിശേഷീകരണത്തിന്റെ രൂപരേഖയുടെ ഭാഗങ്ങൾ ഓരോന്നു കൂട്ടിച്ചേർക്കുകയായിരുന്നു. തന്റെ പ്രവർത്തനത്തോടുള്ള അവന്റെ സമീപനം, തന്റെ പ്രത്യേക ദൗത്യം നിറവേറ്റുവാൻ യോജിച്ചമാർഗ്ഗവും രീതിയും അവൻ ഉപയോഗിച്ചു, അതു ലോകസുവിശേഷീകരണം നടത്തുവാൻ അവന്റെ അനുയായികളെ ഏൽപ്പിക്കുക എന്നതായിരുന്നു.

കർത്താവു ഉപയോഗിച്ച രീതികൾ അപ്പൊസതലന്മാരും മറ്റു ദൈവശ്വാസിയ ദാസന്മാരും ഉപയോഗിച്ചതായി നാം പ്രവൃത്തികളുടെ പുസ്തകത്തിൽ കാണുന്നില്ല. അവർ അവന്റെ ഉപദേശരീതി അനുകരിച്ചില്ല, അപ്പൊസ്തലന്മാരും മറ്റു ദൈവശ്വാസിയരും യേശു ചെയ്തതുപോലെ മറ്റു പന്ത്രണ്ടുപേരെ പരിശീലിപ്പിക്കുന്നതിനു പകരം അവർ പ്രസംഗിക്കയും പുരുഷാരം സഭയോടു ചേർക്കപ്പെടുകയുമായിരുന്നു. ഈ പുതിയ ക്രിസ്ത്യാനികളെ പിന്നീട് വചനത്താൽ പോഷിപ്പിച്ചു, പരിശീലിപ്പിച്ചു, പ്രബോധിപ്പിക്കയും സഭയുടെ

ഭാഗമായി സഭയാ³ൽ സുവിശേഷീകരണം നടത്തുവാൻ ഉപദേശിക്കയും ചെയ്തു. യേശുവിന്റെ ഭൗമിക ശുശ്രൂഷയുടെ ഫലമായി ഉണ്ടായ സഭയുടെ ജീവനാണ് പ്രവൃത്തികളുടെ പുസ്തകത്തിൽ നമ്മെ കാണിച്ചിരിക്കുന്നത്. പുതിയ നിയമത്തിൽ 48 ശതമാനവും ക്രിസ്തുവിന്റെ ജീവിതത്തെ പ്രതിപാദിക്കയും ശേഷിച്ച 52 ശതമാനവും, ക്രിസ്തുവിന്റെ ജീവിതം, മരണം, ഉയിർത്തെഴുന്നേൽപ്പ് എന്നിവ പുറപ്പെടുവിച്ച - സഭയെ കുറിച്ചും ആണ് പ്രതിപാദിക്കുന്നത്.

## ലേഖനങ്ങളാൽ വീണ്ടും ഉറപ്പിച്ചു.

ക്രിസ്തുവിന്റെ ഭൗമിക ജീവിതവും മരണവും സ്വാഭാവികമായി ഫലവത്താകുന്നതായിരുന്നു സഭ എന്ന സത്യം പ്രായോഗികമായി ഉറപ്പിക്കയായിരുന്നു പുതിയ നിയമ ലേഖനങ്ങൾ. സുവിശേഷങ്ങൾ ഈ സത്യത്തെ ഊന്നി പറയുന്നു. ക്രിസ്തുവിന്റെ ജീവിതത്തോടു പ്രതികരിച്ചു എങ്ങനെ അവന്റെ ആത്മീയ ശരീരം ആയിത്തീരാമെന്നു ലേഖനങ്ങൾ കാണിക്കുന്നു.

വിശ്വാസത്താലും അനുസരണത്താലും ക്രിസ്തുവിൻ അടുക്കൽ വരുവാൻ തിരഞ്ഞെടുത്തവർക്കു എഴുതപ്പെട്ടതാണ് ലേഖനങ്ങൾ. ക്രിസ്തുവിന്റെ ജീവിതം, മരണം, ഉയിർപ്പ് എന്നിവയുടെ സ്വാധീനത്തിന്റെ നവോന്മേഷത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന സമയത്തു ആയിരുന്നു അവർ ജീവിച്ചിരുന്നത്. ദൈവശ്വാസിയരായവരിൽ നിന്നു വന്നതായ സന്ദേശം ക്രിസ്തുവിനെ കർത്താവായി ആദരിക്കുന്നതും അവന്റെ സഭയിലായി തീരുന്നവർ കർത്താവിന്റെ ജീവിതത്തെ സ്വീകരിക്കയാണ് ചെയ്യുന്നത്.

എല്ലാ ലേഖനങ്ങളിലും ക്രിസ്തുവിന്റെ അനുയായികളോട് ക്രിസ്തുവിന്റെ ആത്മീയ ശരീരമായി ജീവിക്കുവാനും സേവിക്കുവാനുമാണ് അപേക്ഷിച്ചത് ലേഖനങ്ങൾ എല്ലാം. ഒരുമിച്ചു ചേർത്താൽ, വാസ്തവത്തിൽ ഏതു വ്യത്യസ്ത സാഹചര്യത്തിലും ഏതു സ്ഥലത്തും എങ്ങനെ ക്രിസ്തുവിന്റെ സഭയായി ജീവിക്കാമെന്ന "ഒരു വേലക്കുള്ള സഹായം" നൽകുന്നുണ്ട്. ക്രിസ്തുവിന്റെ ഭൗമിക ശുശ്രൂഷ നമ്മുടെ ജീവിതത്തിൽ എങ്ങനെ പ്രായോഗികമാക്കാമെന്നു നമ്മെ അവ പഠിപ്പിക്കുന്നു.

*അനുസരണമുള്ള വിശ്വാസം മുഖാന്തരം അവന്റെ ശരീരത്തിൽ പ്രവേശിക്കുന്നതിനാൽ നാം യേശു എന്ന കർത്താവിനു കീഴ്പ്പെടുകയാണ്.* വിശ്വാസത്തിന്റെ അവസാന പ്രതികരണമായി ക്രിസ്തുവിനെ ധരിക്കുന്നതായി പൗലൊസ് പറയുന്നു. (ഗലാത്യർ

3:27). യേശുവിൽ വിശ്വസിച്ച് പാപങ്ങളിൽ നിന്നുമാനസാന്തരപ്പെട്ട്, യേശുവിനെ ദൈവപുത്രനെന്നു ഏറ്റു പറഞ്ഞു രക്ഷക്കായി സ്നാനമേറ്റു കർത്താവിന്റെ ശരീരത്തിലാകാതെ ആരും കർത്താവിനു കീഴ്പ്പെടുന്നില്ല എന്നാണ് ലേഖനങ്ങൾ വിവക്ഷിക്കുന്നത്.

*നാം യേശുവിന്റെ ജീവിതം, മരണം, ഉയിർത്തെഴുന്നേൽപ്പ് എന്നിവയെ അവന്റെ ആത്മീയ ശരീരത്തിൽ ജീവിച്ച് ഒരുമിച്ച് ദൈവഭവനമായ, അവന്റെ ശരീരമായ, സഭയിൽ ആരാധിക്കുന്നത്, ഇതെല്ലാം ആദരിക്കുന്നതിനു തുല്യമാണ്.* പൗലൊസ് പറഞ്ഞു,

> അതിൽ യെഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുവിൽ ഒന്നത്രെ (ഗലാത്യർ 3:28).

> ഒരു ശരീരത്തിൽ നമുക്കു പല അവയവങ്ങൾ ഉണ്ടല്ലോ എല്ലാ അവയവങ്ങൾക്കും പ്രവൃത്തി ഒന്നല്ലതാനും, അതുപോലെ പലരായ നാം, ക്രിസ്തുവിൽ ഒരു ശരീരവും, എല്ലാവരും തമ്മിൽ അവയവങ്ങളും ആകുന്നു (റോമർ 12:4, 5).

> ... ശരീരത്തിൽ ഭിന്നത വരാതെ, അവയവങ്ങൾ അന്യോന്യം ഒരുപോലെ കരുതേണ്ടതിന്നായി ദൈവം കുറവുള്ളതിനു അധികം മാനം കൊടുത്തുകൊണ്ട് ശരീരത്തെ കൂട്ടിച്ചേർത്തിരിക്കുന്നു. അതിനാൽ ഒരു അവയവം കഷ്ടം അനുഭവിക്കുന്നു എങ്കിൽ, അവയവങ്ങൾ ഒക്കെയും കൂടെ കഷ്ടം അനുഭവിക്കുന്നു ഒരു അവയവത്തിനു മാനം വന്നാൽ അവയവങ്ങൾ ഒക്കെയും കൂടെ സന്തോഷിക്കുന്നു.
>
> നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും, ഓരോത്തൻ വെവ്വേറെയായി അവയവങ്ങളും ആകുന്നു (1 കൊരിന്ത്യർ 12:25–27).
>
> ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ, ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടി വന്നപ്പോൾ, പൗലൊസ് അവരോട് സംസാരിച്ചു, ... (പ്രവൃത്തികൾ 20:7).

നാം ദൈവഭവനമായി ക്രിസ്തുവിന്റെ സഭയായി ജീവിക്കുവാനും ആരാധിക്കുവാനും പരാജയപ്പെട്ടാൽ, ക്രിസ്തു എന്തു സ്ഥാപിക്കുവാനായി വന്നു മരിച്ചുവോ അതിനെ നാം എടുത്തു മാറ്റികളയുകയാണ്.

*അവന്റെ ശരീരമാകുന്ന, സഭയായിത്തീരുവാനാണ്, യേശു നമ്മെ വിളിച്ചിരിക്കുന്നത്.* ക്രിസ്തുവിന്റെ സഭ എന്നല്ലാതെ അവന്റെ ജനത്തെ മറ്റൊരു വിധത്തിലുള്ള സഭയെന്നോ ശരീരമെന്നോ ലേഖനങ്ങൾ പറയുന്നില്ല. ലേഖനങ്ങൾ പ്രകാരം, അനുഗമിക്കുവാൻ യേശു ഒരു വഴി മാത്രമാണുള്ളത്. അതുവഴി അവന്റെ ആത്മീയ ശരീരത്തിൽ ഈ ലോകത്ത് നാം വിശ്വസ്തമായി ജീവിക്കണം.

വീടിന്റെ മൂലയിൽ ഒരു ബൈബിൾ കിടക്കുന്നതു ഒരു പെൺകുട്ടി കണ്ടു. അവൾ അതെടുത്തുകൊണ്ട് അവളുടെ അമ്മയോട് ചോദിച്ചു, "അമ്മേ, ഇതെന്തു പുസ്തകമാണ്?" അവളുടെ അമ്മ പറഞ്ഞു, "അതു ദൈവത്തിന്റെ പുസ്തകമായ, ബൈബിൾ ആണ്." ആ പെൺകുട്ടി, ഉള്ളിൽ കുറ്റബോധത്തോടെ, ഉപദേശിച്ചു, നാം അത് ഉപയോഗിക്കുന്നില്ലെങ്കിൽ, നമുക്കു ഇതു തിരിച്ചു അദ്ദേഹത്തിനു അയച്ചുകൊടുത്തു കൂടെ?

നമുക്കു വായിക്കാൻ കഴിയുമെങ്കിലും നാം *അതു ഉപയോഗിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം* നമ്മുടെ ഓരോ സംഭാഷണത്തിലും ബൈബിൾ ഉദ്ധരിക്കാൻ നമുക്കു കഴിയും, ഓരോ ദിവസവും വായിക്കും, എങ്കിലും അവ *പ്രായോഗികമാക്കുന്നതിൽ നാം പരാജയപ്പെടും.* ബൈബിൾ വാസ്തവത്തിൽ പ്രായോഗികമാക്കുവാൻ നാം പ്രായോഗികമായി ക്രിസ്തുവിന്റെ സഭയായിതീരണം ബൈബിൾ പറയുന്നതുപോലെ നാം ആയിത്തീരുമ്പോഴാണ് നാം അതു ശരിയായി ഉപയോഗിക്കുന്നത്.

**ഉപസംഹാരം**

അതുകൊണ്ട്, പുതിയ നിയമം മുഴുവനും, പഠിപ്പിക്കുന്നത്, ക്രിസ്തു മനുഷ്യനായി വന്ന, ദൗത്യത്തിന്റെ ഫലമായി ഉണ്ടാക്കപ്പെട്ടതാണ് അവന്റെ ആത്മീയ ശരീരമായ സഭ എന്നാണ്. സുവിശേഷങ്ങൾ അതു വാഗ്ദാനം ചെയ്തു ഊന്നിപ്പറയുന്നു, പ്രവൃത്തികൾ അതു ചിത്രമാക്കി ഉറപ്പിക്കുന്നു, ലേഖനങ്ങൾ, ജീവിതത്തിൽ പ്രായോഗികമാക്കി വീണ്ടും ഉറപ്പിക്കുന്നു.

മനുഷ്യരുടെ പാപങ്ങൾക്കു വേണ്ടി ജീവിച്ചു, മരിച്ചു, ഉയിർത്തെഴുന്നേറ്റവനോട് പ്രതികരിക്കുന്ന ഏകവഴി പുതിയ നിയമം പറയുന്നതു അവന്റെ സഭയിലേക്കു പ്രവേശിക്കുന്നതിനാലെന്നു പറയുമ്പോൾ പിൻവരുന്ന ചോദ്യം: നിങ്ങൾ അവന്റെ ശരീരത്തിലാണോ?" ജീവീതാവസാനം ജീവിതോദ്ദേശം മുഴുവനും പാഴാക്കി

എന്നു കണ്ടെത്തുമ്പോൾ അതെത്ര വലിയ തെറ്റായിപ്പോകും! ഒരു പക്ഷേ അതിനേക്കാൾ ദു:ഖകരം - ദൈവപുത്രൻ ഈ ഭൂമിയിലേക്കു വന്ന ഉദ്ദേശം തന്നെ നഷ്ടമാക്കി എന്നറിയുമ്പോഴാണ്. ദൈവത്തിന്റെ രക്ഷാ സന്ദേശം പുതിയനിയമത്തിൽ എത്രത്തോളം തീർച്ചയാക്കി യിരിക്കുന്നുവോ, ക്രിസ്തു മനുഷ്യരൂപത്തിൽ വന്നിട്ടും ജീവിത യാത്രയിൽ അവന്റെ ശരീരത്തിൽ പ്രവേശിക്കാത്തതു *അവസാനം വെളിപ്പെടുന്നതും അത്രതന്നെ തീർച്ചയാണ്. ഇതാണ് പുതിയനിയ മത്തിന്റെ അടിസ്ഥാനപരമായ മുഴുവൻ ഉദ്ദേശവും!*

തന്റെ ചുരുങ്ങിയ കാല ജീവിതാവസാനത്തിലെത്തിയപ്പോൾ ക്രിസ്തുവിനു പറയാൻ കഴിഞ്ഞു, "പിതാവേ, നീ എന്നോട് പറഞ്ഞതു ഞാൻ ചെയ്തു. നീ എനിക്കു തന്ന പ്രവൃത്തി ഞാൻ തികച്ചു." രാജ ധാനിയിൽ ഇരുന്ന് ദീർഘകാലം സ്വാർത്ഥ മോഹത്തോടെ വാഴുന്ന തിനേക്കാൾ, ചുരുങ്ങിയ കാലം ഈ ഭൂമിയിൽ ദൈവേഷ്ട വേലയിൽ ജീവിച്ച് അവന്റെ ഉദ്ദേശം നിറവേറ്റുന്നതാണ് ഉത്തമം. ജീവിതാവ സാനം, അസംഖ്യം ആളുകൾക്കു ഇതു മാത്രം പറയാൻ കഴിയും "ദൈവമേ, അങ്ങു ഈ ഭൂമിയിൽ എനിക്കുതന്നെ വർഷങ്ങൾ അത്രയും, എന്റെ ഇഷ്ട പ്രകാരം മാത്രം ഞാൻ ജീവിച്ചു എന്റെ കാഴ്ച്ചപ്പാടിൻ പ്രകാരം എന്റെ ജീവിതത്തെ ഞാൻ തിരഞ്ഞെടുത്തു."

ജീവിതാവസാനം നമുക്ക് ഇങ്ങനെ പറയാൻ കഴിയട്ടെ, "കർത്താവേ, തിരുവെഴുത്തിൽ എന്നോട് ആയിത്തീരുവാൻ ചെയ്യാൻ ആവശ്യപ്പെട്ടത്, ചെയ്യുവാൻ എന്നെത്തന്നെ സമർപ്പിക്കു ന്നു. ഈ ഭൂമിയിൽ ആത്മാർത്ഥമായി, നിന്നെ മഹത്വപ്പെടുത്തുവാൻ ഞാൻ ശ്രമിച്ചു. നീ എനിക്കു ജീവിക്കുവാൻ തന്ന പദ്ധതി ഞാൻ ചെയ്തു. ക്രിസ്തുവിന്റെ സഭയായി ഞാൻ ജീവിച്ചു."

## പഠനചോദ്യങ്ങൾ

(*അനുബന്ധങ്ങൾ 1 ലെ ഉത്തരങ്ങൾ*)

1. ലോകചരിത്രത്തിൽ മുൻപു സംഭവിച്ചിട്ടില്ലാത്ത മഹാസംഭവം എന്ത്? നിങ്ങളുടെ ഉത്തരത്തിനു കാരണം നൽകുക.
2. യേശു മുഴുവനായും മനുഷ്യനായിരുന്നോ അതോ ഭാഗികമായിട്ടു മാത്രമോ?
3. യേശു മുഴുവനും ദൈവമായിരുന്നോ അതോ ഭാഗികമായിട്ടു മാത്രമോ?
4. യേശു ഭൂമിയിൽവന്നതെന്തിന്? അവൻ വന്നു നിറവേറ്റിയ ഏക ഉദ്ദേശം എന്തായിരുന്നു?
5. യേശുവിന്റെ ശുശ്രൂഷ വരുവാനുള്ള ഒന്നിനു വേണ്ട ഒരുക്കമായിരുന്നു

എന്നുതെളിയിക്കുക?

6. പുതിയ നിയമത്തിലെ ലേഖനങ്ങളുടെ പ്രവർത്തി എന്ത്?
7. ക്രിസ്തുവിന്റെ സഭയിലാകാതെ നമുക്കു യഥാർത്ഥത്തിൽ ക്രിസ്തുവിന്റെ ജീവിതത്തോട് പ്രതികരിക്കാൻ കഴിയുമോ?
8. അവന്റെ സഭയായി ജീവിക്കാതെ ഈ ലോകത്ത് യേശു നമുക്കുതന്ന ദൗത്യം നിറവേറ്റാൻ കഴിയുമോ?

## വാക്ക് സഹായങ്ങൾ

**സഭയോട് ചേർത്തു** – ദൈവത്തിന്റെ അനുസരണമുള്ള ജനത്തിന്റെ ഭാഗമാക്കി. തന്റെ മഹത്തായ ആജ്ഞയിൽ യേശു ആവശ്യപ്പെട്ടതു ചെയ്യുന്നവരെ രക്ഷിക്കപ്പെട്ടവരുടെ കൂട്ടത്തിലേക്കു ദൈവം ചെർക്കുന്നു (പ്രവൃത്തികൾ 2:41, 47).

**ക്രിസ്തുവിന്റെ സഭ** – കെട്ടിടമല്ല, സുവിശേഷം അനുസരിച്ചവരുടെ കൂട്ടം, സഭയോടു ചേർക്കപ്പെട്ടവരാകും (പ്രവൃത്തികൾ 2:36–47).

**ലേഖനം** – ഒരു എഴുത്ത് അനേക പുതിയനിയമ പുസ്തകങ്ങൾ (റോമർ മുതൽ വെളിപ്പാട് വരെ) ക്രിസ്ത്യാനികൾക്കു എഴുത്തുകളായി എഴുതപ്പെട്ടു.

**സുവിശേഷം അറിയിക്കൽ** – സുവിശേഷം പങ്കിടുന്ന പരിശീലനം. ഉദാഹരണമായി 2 തിമൊഥെയൊസ് 4:5–ൽ തിമൊഥെയൊസിനോട് സുവിശേഷകന്റെ പ്രവൃത്തി ചെയ്ക എന്നു പറയുന്നുണ്ട്.

**ജാതി** – യെഹൂദൻ– അല്ലാത്ത ഒരു വ്യക്തി.

**യെഹൂദ** – യെഹൂദവർഗ്ഗത്തിൽപ്പെട്ട, അല്ലെങ്കിൽ ഇസ്രായേല്യൻ, യാക്കൊബ് മുഖാന്തരം അബ്രഹാമിന്റെ പിൻഗാമി.

**ദൈവരാജ്യം** – ആളുകളുടെ ഹൃദയത്തിൽ യേശുവിന്റെ വാഴ്ച്ചയും ഭരണവും.

**നീതിമാൻ** – പാപമില്ലാത്ത അല്ലെങ്കിൽ കുറ്റമില്ലാത്ത അവസ്ഥ. മനുഷ്യനു സ്വയം ഇതു സാദ്ധ്യമല്ലായ്കയാൽ "നീതിമാനാകുക" എന്നാൽ, ദൈവത്തിന്റെ പാപമോചനം ലഭിക്കുക, നീതീകരിക്കപ്പെടുക, ദൈവമുൻപാകെ എല്ലാ പാപവും ശുദ്ധീകരിക്കുക. ക്രിസ്ത്യാനിക്കു ഈ ഒരു ബന്ധം ദൈവത്തോട് പുലർത്തുവാൻ കഴിയുന്നത് ഓരോ ദിവസവും അവന്റെ വചന പ്രകാരം ജീവിക്കുന്നതിലൂടെയാണ്.

---

കുറിപ്പ്

[1]പരിശോധിക്കുക. മത്തായി 9:30, 12:16, 17:9, മർക്കൊസ് 1:44, 3:12, 5; 43, 7:36,

8:30, 9:9, ലൂക്കൊസ്, 4:41, 8:56, 9:21 ജെ.ഡബ്ല്യു മെക്ഗാർവെ എഴുതിയ വിചിത്രമായ കല്പനയെ സംബന്ധിച്ച്, "ആരോടും പറയരുത്": ജനങ്ങളുടെ അനുചിതമായ അതിശയോക്തി, റോമൻ സൈന്യാധിപത്യത്തിന് യേശുവിന്റെ കാര്യത്തിൽ ഇടപെടുവാൻ സാദ്ധ്യതയുള്ളതിനാൽ അതിനെതിരായിട്ടുള്ള കർശനമായ ഒരു ഉപദേശമായി ഇതിനെ കണക്കാക്കാം. (മർക്കൊസ്. 1:45-ൽ) അവന്റെ ഉപദേശത്താൽ ജനം ശാന്തത നഷ്ടപ്പെട്ടവരായി കാണാം. ചിലപ്പോൾ കർത്താവ് ഇതിന് വിപരീതമായി, സന്ദർഭം ഉചിതമായതിനാൽ, ജനത്തോട് എല്ലാവരോടും താൻ അവർക്കായി ചെയ്തത് ഘോഷിപ്പാനും പറയുന്നുണ്ട്! (ജെ.ഡബ്ല്യു.മെക്ഗാർവെ *പുതിയ നിയമ വിവരണം, മത്തായി, മർക്കൊസ്,* [N.p., 1875; reprint, Delight, Ark.: Gospel Light Publishing Co., n.d.], 75.)